കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം- പട്ടാമ്പി നിയോജകമണ്ഡലം-പട്ടാമ്പി മണ്ഡലത്തിലെ പ്രധാന 7 ബസ് സ്റ്റോപ്പുകളിൽ കാത്തിരിപ്പ് കേന്ദ്രം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് കൊണ്ടും പകരം പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് , ജനറേറ്റർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ(സാധാ)നം. 2817/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി : 10/12/2019**

---

പരാമർശം- 1. 11/06/2012- തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 332/12/ധന.

2. 05.12.2017 ലെ സ.ഉ (സാധ.) നം.3911/2017/തസ്വഭവ

3. ബഹു. പട്ടാമ്പി എം.എൽ.എ യുടെ 22/03/2018 ലെ കത്ത്

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.06.2018 ലെയും 12.07.2019 ലെയും ഡിബി3/7023/2014/സിഇ/തസ്വഭവ നം. കത്തുകൾ

5. 04.11.2019 ലെ സ.ഉ ( സാധാ ) നം . 8718/2019/ ധന

## ഉത്തരവ്

പട്ടാമ്പി എം.എൽ.എ യുടെ 2016-17 ലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പട്ടാമ്പി മണ്ഡലത്തിലെ പ്രധാന 7 ബസ് സ്റ്റോപ്പുകളിൽ കാത്തിരിപ്പ് കേന്ദ്രം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം 2) ഉത്തരവ് പ്രകാരം നല്കിയിരുന്നു. എന്നാൽ പദ്ധതി നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും കണക്കിലെടുത്ത് ഈ തുകയും എ.ഡി.എഫ് 2016-17 വർഷത്തിൽ ബാക്കിയായ തുകയും ചേർത്ത് പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് , ജനറേറ്റർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിന് പരാമർശം (3) ലെ കത്ത് പ്രകാരം ബഹു.എം.എൽ.എ സർക്കാരിനോടഭ്യർത്ഥിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2) പട്ടാമ്പി നിയോജകമണ്ഡലത്തിൽ 2016-17 ആസ്തി വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നല്കിയ " പ്രധാന കേന്ദ്രങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ " എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് , ജനറേറ്റർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ബഹു.പട്ടാമ്പി എം.എൽ.എ യുടെ 2016-17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും യഥാക്രമം 12,50,000/- (പന്ത്രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 14,47,000 (പതിനാലു ലക്ഷത്തി നാൽപ്പത്തിഏഴായിരം രൂപ മാത്രം) ചേർത്ത് ആകെ 26,97,000/- (ഇരുപത്തി ആറു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം) വിനിയോഗിക്കുവാൻ പരാമർശം (5) പ്രകാരം പ്രത്യേകാനുമതി നല്കിയിട്ടുണ്ട്.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. " പ്രധാന കേന്ദ്രങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ " എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് , ജനറേറ്റർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ബഹു.പട്ടാമ്പി എം.എൽ.എ യുടെ 2016-17 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും യഥാക്രമം 12,5000/- രൂപയും (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 14,47,000 രൂപയും (പതിനാല് ലക്ഷത്തി നാൽപ്പത്തിഏഴായിരം രൂപ മാത്രം) ചേർത്ത് ആകെ 26,97,000/- (ഇരുപത്തി ആറ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നല്കികൊണ്ട് ഉത്തരവാകുന്നു. ഡിജിറ്റൽ എക്സ്റേ യൂണിറ്റ് എന്ന പ്രവൃത്തിയ്ക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെയും ജനറേറ്റർ സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്ക് കേരള ഇലെക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെയും നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

4) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവും പാലിക്കേണ്ടതാണ്. ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി. എ.ഡി. എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :
ശ്രീ.മുഹമ്മദ് മുഹ്സിൻ പി എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആൻഡ് അല്ലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് , 7th ഫ്ലോർ , KSHB ഓഫീസ് കോംപ്ലക്സ്, പനമ്പിള്ളി നഗർ , കൊച്ചി-682 036.
മാനേജിംഗ് ഡയറക്ടർ, മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്,സി വി രാമൻ പിള്ള റോഡ്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയ്ക്ക് സമീപം , തൈക്കാട് , തിരുവനന്തപുരം-695014
ധനകാര്യ (നോഡൽ സെന്റർ- ബി) വകുപ്പ് (11.11.2019 ലെ 1 എൻ.സി-സി2/2019/ധന പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ